# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുറമേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 5/1863/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പുറമേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 5/1863/2023 തീയ്യതി: 22/12/2023

## കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-09-2022 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബുറിയാസുദ്ദീൻ | ജോയിന്റ് ഡയരക്ടർ | 04-12-2023 | 12-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2023 | 12-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ഗിരീശൻ പാറപ്പൊയിൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ജാസിർ സി.എം,സീനിയർ ഗ്രേഡ്ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ എം | സെക്രട്ടറി | 01-04-2022 | 05-10-2022 |
| ശ്രീമതി സിസ്‍ധു പി.ജി | സെക്രട്ടറി | 06-10-2022 | 31-03-2023 |
| അഡ്വ.ജ്യോതിലക്ഷ്മി വി.കെ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.പ്രദോഷ്കുമാർ എം | മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി. സനിഷ പി | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രനിഷ എസ്.കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മീന സി.കെ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. അശ്വതി സി.എൻ എളങ്കമൺ | കൃഷി ഓഫീസർ | 01-04-2022 | 16-10-2022 |
| ശ്രീമതി ഹരിത | കൃഷി ഓഫീസർ | 17-10-2022 | 10-11-2022 |
| ശ്രീമതി. കീർത്തനരാജ് | കൃഷി ഓഫീസർ | 11-11-2022 | 31-03-2023 |
| ശ്രീമതി നിത്യ ബി | വി.ഇ.ഒ | 01-04-2022 | 05-08-2022 |
| ശ്രീ. അഖിൽ ബി | വി.ഇ.ഒ | 06-08-2022 | 25-12-2022 |
| ശ്രീ ആനന്ദ് | വി.ഇ.ഒ | 26-12-2022 | 31-03-2023 |
| ശ്രീമതി ആര്യ വി.കെ | വി.ഇ.ഒ | 01-04-2022 | 25-12-2022 |
| ശ്രീ. അനീഷ് പി.ടി.കെ | വി.ഇ.ഒ | 26-12-2022 | 31-03-2023 |
| ശ്രീമതി സുനിഷ ഇ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ദിൽന | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രാജേഷ് | വെറ്ററിനറി സർജൻ | 01-04-2022 | 05-09-2022 |
| ഡോ.അഫ്സത്ത് | വെറ്ററിനറി സർജൻ | 06-09-2022 | 10-01-2023 |
| ഡോ.ദിൽവേദ് ആർ.എസ് | വെറ്ററിനറി സർജൻ | 11-01-2023 | 19-02-2023 |
| ഡോ.നീരജ | വെറ്ററിനറി സർജൻ | 20-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-4 |
| 6 | ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കിയില്ല | 1-1-5 |
| 7 | ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക സംബന്ധിച്ച് | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 13 | ടാക്സ് ഓഡിറ്റ് | 1-7 |
| 14 | ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ | 1-8 |
| 15 | സംരംഭക ലൈസൻസ് -അപാകതകൾ | 1-9 |
| 16 | തൊഴിൽ നികുതി ഡിമാന്റ് അപൂർണ്ണം. | 1-10 |
| 17 | കരാറുകാരുമായി വയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടത് | 1-11 |
| 18 | മുറ്റത്തൊരു മീൻതോട്ടം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-12 |
| 19 | കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-13 |
| 20 | അങ്കണവാടികളിലേക്ക് പാത്രങ്ങൾ വാങ്ങിയതിലെ അപാകതകൾ | 1-14 |
| 21 | അതിദരിദ്രർക്കുള്ള പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-15 |
| 22 | കമ്പ്യൂട്ടർ വാങ്ങിയതിലെ അപാകതകൾ | 1-16 |
| 23 | ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല | 1-17 |
| 24 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് സൗകര്യങ്ങൾ പര്യാപ്തമല്ല | 1-18 |
| 25 | പ്രൊജക്ട് ഫയലുകൾ പൂർണ്ണമല്ല | 1-19 |
| 26 | അളവുപുസ്തകങ്ങളുടെ സൂക്ഷിപ്പ്- അപാകതകൾ | 1-20 |
| 27 | റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല | 1-21 |
| 28 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-22 |
| 29 | MGNREGS-പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നത് നിർദ്ദേശാനുസരണമല്ല | 1-23 |
| 30 | MGNREGS-ഫയൽ സൂക്ഷിപ്പിൽ അപാകതകൾ | 1-24 |
| 31 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| 32 | കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച | 1-26 |
| 33 | പെയിൻ &പാലിയേറ്റീവ് - മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് | 1-27 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |

| | | |
|---|---|---|
| 1 | മുറ്റത്തൊരു മീൻതോട്ടം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് /കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 04.07.2023 തിയ്യതിയിലെ 02/01/23 തീരുമാന പ്രകാരം തയ്യാറാക്കി 05.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുറമേരി ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ-റേഷ്യോസ്.

#### 1-1-2 ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും

അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ആകെ ക്യാഷ് ഫ്ലോ തുക - 21042357/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം - 2617178/-

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ-വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

### 1-1-4 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

സ്ഥാപനം ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

### 1-1-5 ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കിയില്ല

ആസ്തികൾക്ക് തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ആയത് ജേർണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

### 1-1-6 ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക സംബന്ധിച്ച്

ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വെക്കുന്നത്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ആയത് ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

31.03.2022 തീയതിയിലെ 01/01 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 22.03.2023 തീയതിയിലെ 01/01 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29541531 |
| വരവ് | 36808523 |
| ആകെ | 66350054 |
| ചെലവ് | 39425701 |
| നീക്കിയിരിപ്പ് | 26924353 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ(ACR പ്രകാരം) | 0 | 18632000 | 18632000 | 18362865 | 269135 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1231000 | 1231000 | 1231000 | 0 |
| വികസനഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7363000 | 7363000 | 5524695 | 1838305 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 5134000 | 5134000 | 4877195 | 256805 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | PFMS | 2380029 | 4860300 | 7240329 | 5007570 | 2232759 |
| | TREASURY | 0 | 2638233 | 2638233 | 886625 | 1751608 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | PFMS | 200340 | 3441017 | 3641357 | 2428084 | 1213293 |
| | TREASURY | 0 | 384618 | 384618 | 383083 | 1535 |

## 1-5 പദ്ധതി അവലോകനം

തൻവർഷം 169 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 144 പ്രൊജക്ടുകൾ നടപ്പിലാക്കി. 10.12 കോടി രൂപ വകയിരുത്തിയതിൽ 5.13 കോടി രൂപയാണ് ചെലവഴിച്ചത്. വികസനഫണ്ട് പൊതു വിഭാഗം ഫണ്ടിൽ ലഭിച്ച തുകയുടെ 98.55 % ചെലവഴിച്ചിട്ടുണ്ട്. റോഡ് മെയിന്റനൻസ് ഗ്രാന്റിൽ 75 ശതമാനവും നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ 95 ശതമാനവുമാണ് ചെലവ്. ലഭിച്ച ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ 4117388 രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് | 0 | 18632000 | 18632000 | 18362865 | 269135 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 7363000 | 7363000 | 5524695 | 1838305 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 5134000 | 5134000 | 4877195 | 256805 |

| | | | | | |
|---|---|---|---|---|---|
| സി.എഫ്.സി,ടൈഡ് (ട്രഷറി) | 0 | 2638233 | 2638233 | 886625 | 1751608 |
| സി.എഫ്.സി,അൺടൈഡ് (ട്രഷറി) | 0 | 384618 | 384618 | 383083 | 1535 |
| ആകെ | | | | | 4117388 |

ചെറുകിട വ്യവസായ മേഖലയിൽ എടുത്തു പറയത്തക്ക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. പദ്ധതിപ്രവർത്തനങ്ങൾ ഫലപ്രദമായി മോണിറ്ററിംഗ് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

## 1-6 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ഭൂസ്വത്തുക്കളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ക്ഷേമപെൻഷൻ കൈപ്പറ്റുന്നവർ മരണപ്പെടുന്ന കേസുകളിൽ പെൻഷൻ വിതരണം യഥാസമയം സസ്പെൻഡ് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കച്ചവട/വാണിജ്യ സ്ഥാപനങ്ങളുടെ ആകെ എണ്ണം ലഭ്യമല്ല. ആയതിനാൽ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വെള്ളക്കരം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 76 ടാപ്പുകൾക്കായി 92207 രൂപ പ്രതിമാസം വെള്ളക്കരം ഒടുക്കിവരുന്നതായി കാണുന്നുണ്ട്. എന്നാൽ ജല അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-7 ടാക്സ് ഓഡിറ്റ്

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്.3/2019 നമ്പർ കത്തിലെ മാർഗ്ഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ടാക്സ് ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. നികുതിയിനത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയും ഫീ ഇനത്തിൽ സംരംഭക ലൈസൻസ് ഫീ, കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീ എന്നിവയുമാണ് പ്രധാന തനത് വരുമാന സ്രോതസ്സുകൾ. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്.

**കെട്ടിടങ്ങൾ സംബന്ധിച്ച വിവരം**

ഗ്രാമപഞ്ചായത്തിൽ നിന്ന് സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ എന്നിവ പ്രകാരം

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലായി കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ളവ | 8735 |
| വാണിജ്യകെട്ടിടങ്ങൾ | 1768 |
| വിദ്യാഭ്യാഭ്യാസ ആവശ്യം | 12 |
| ആശുപത്രികൾ | 0 |
| അസംബ്ലി കെട്ടിടം | 1 |
| വ്യവസായം | 1 |
| ഇതര വ്യവസായം | 52 |
| നികുതി ഒഴിവാക്കപ്പെട്ടവ | 190 |
| ടെലിഫോൺ ടവർ | 4 |
| ആരാധനാലയം | 81 |
| കാർഷികാവശ്യം | 9 |
| ആകെ | 10853 |

**നികുതി വരുമാനം**

**1-വസ്തു നികുതി**

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ , നോൺ റെസിഡൻഷ്യൽ ഇനങ്ങളിൽ വസ്തു നികുതി ഡിമാന്റ് 3824742/- രൂപയാണ്.

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ പ്രതീക്ഷിത വരവ് 4500000/- രൂപയായിരുന്നു. ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 675258/- രൂപ വസ്തുനികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്. വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടലുകൾ നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അത്തരം കെട്ടിടങ്ങളിൽ നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമാക്കുന്നതിന് സാധിച്ചിട്ടില്ല.

**2023 – 24 ലെ നികുതി പരിഷ്കരണം**

22.03.2023 ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.05.2023 ലെ 3/1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബി1-1438/2023തി-31.05.2023 നമ്പറായി അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്തുനികുതിയുമായി സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്വെയറിൽ മാറ്റം വരുത്തിയിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിൽ പുതുതായി കെട്ടിടനമ്പർ അനുവദിക്കുമ്പോൾ പുതുക്കിയ നിരക്കിലാണ് വസ്തുനികുതി ചുമത്തുന്നത്. പഴയ നികുതി നിരക്കിൽ നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ

നിർണ്ണയിച്ചിട്ടില്ല.

**ഫീൽഡ്തല പരിശോധനകൾ**

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമമാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചുവെങ്കിലും ആയത് ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

**ബിൽഡിംഗ് പെർമിറ്റ്/റെഗുലെറൈസേഷൻ**

ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് ഇനത്തിൽ ഓഡിറ്റ് വർഷം 259 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയതിൽ 79 അപേക്ഷകൾ റെഗുലറൈസേഷനുള്ളതാണ്. റെഗുലെറൈസേഷൻ ഫയലുകളിൽ അപാകതയുള്ളവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235W പ്രകാരം യു.എ നമ്പർ നൽകി അനധികൃത നിർമ്മാണത്തിന് ബാധകമായ നിലയിൽ അധിക നികുതി ഈടാക്കിയിട്ടില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തുന്നതിനായി യു.എ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും 24-11-2016 ന് ശേഷം അനധികൃത നിർമ്മാണം സംബന്ധിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

**2.തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. തൊഴിൽ നികുതി ഡിമാന്റ് 100 ശതമാനമാക്കുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് 2019-29 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-15 ആയി ഉൾപ്പെടുത്തിയിരുന്നെങ്കിലും നിലവിലും അപാകത ആവർത്തിക്കുന്നുണ്ട്.

കച്ചവടക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന വേളയിൽ രണ്ടോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്നതായിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ നികുതി റിട്ടേൺ ആവശ്യപ്പെടുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. കച്ചവടക്കാരിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കി വരുന്നത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്.

കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല ഏൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ വിവരങ്ങൾ രേഖപ്പെടുത്തിയത് അപൂർണ്ണമാണ്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമങ്ങളിലെ 204, 205 വകുപ്പുകൾ പ്രകാരവും 1996 ലെ തൊഴിൽനികുതി പ്രകാരവുമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3. ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

4. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

**3.നികുതിയേതര വരവുകൾ**

**1.സംരംഭക ലൈസൻസ്.**

വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 1700 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ (32 വേക്കൻസി റെമിഷൻ) 634 ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1.സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

2. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

4.നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**1-8 ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ**

പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാവരെയും ഗ്രാമപഞ്ചായത്തിന്റെ ക്ഷേമപെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നില്ല. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെച്ച് മരണപ്പെടുന്ന ഈ ഗ്രാമപഞ്ചായത്തിലെ

പെൻഷൻ ഗുണഭോക്താക്കളുടെ മരണ വിവരം സമയബന്ധിതമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ഉദാ- ശ്രീമതി.കുഞ്ഞാമി (പെൻഷണർ ഐ.ഡി-110000200248) എന്നയാൾ 27-09-2020 തിയ്യതിയിൽ മരണപ്പെട്ടിരുന്നു.ടിയാൻ മരണപ്പെട്ട ശേഷം 2021 ഫെബ്രുവരി മാസം വരെ വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 7500/- രൂപ(5*1500) ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.മമടിയാരിയുടെ മരണം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വരെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്യപ്പെടുകയായിരുന്നു. ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്നത് യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇപ്രകാരം അനർഹമായി കൈപ്പറ്റിയ 7500/- രൂപയടക്കം മറ്റ് പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും അവരുടെ അക്കൗണ്ടിലേക്ക് അനുവദിച്ച തുക തിരിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്ക് ബാധ്യത ചുമത്തുന്നതാണ്.

സർക്കാർ ഉത്തരവ് നം- 07/2020/ധന തിയ്യതി-23.10.2020 പ്രകാരം സർക്കാർ ജീവനക്കാർ, സർവ്വീസ് പെൻഷനർമാർ/കുടുംബ പെൻഷനർമാർ എന്നിവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരികെ അടവാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം അനർഹമായി പെൻഷൻ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 സംരംഭക ലൈസൻസ് -അപാകതകൾ

1.ലൈസൻസ് ഫീസുകൾ ചട്ടപ്രകാരം പരിഷ്കരിക്കുന്നില്ല-ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടം

ജി.ഒ(പി)80/2017/തസ്വഭവ തിയ്യതി.31.10.2017 സംരംഭക ലൈസൻസ് ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ പരിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും നിലവിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നത് ചട്ടത്തിൽ നിർദ്ദേശിച്ച പ്രകാരമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09.08.2023 തിയ്യതിയിലെ 35/22 തീരുമാനപ്രകാരം ലൈസൻസ് ഫീസുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും അതുവഴി വരുമാന ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. 28.04.2023 തിയ്യതിയിലെ ഭരണസമിതി യോഗത്തിലെ 4/1 തീരുമാന പ്രകാരം സാമ്പത്തിക സാഹചര്യം കണക്കിലെടുത്ത് ഉപജീവനമാർഗ്ഗമായി ഉപയോഗിക്കുന്ന തരത്തിലുള്ള കച്ചവടമായതിനാൽ നിലവിലുള്ള ലൈസൻസ് ഫീസിന്റെ കൂടെ 50 രൂപ വർദ്ധിപ്പിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു. 31.10.2017 ലെ പുതുക്കിയ സംരംഭക ലൈസൻസ് ചട്ടങ്ങളിൽ സൂചിപ്പിച്ചത് പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സംരംഭങ്ങൾക്ക് ചുമത്താവുന്ന ലൈസൻസ് ഫീ ഭരണസമിതി തീരുമാനിച്ചിട്ടില്ല. ഇത് കാരണം ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഫീ കളക്ട് ചെയ്യുന്നതിന് ഏകീകൃത സ്വഭാവമില്ല എന്ന് കാണുന്നു.ഉദാ- 4/22-23.ശ്രീ.മുഹമ്മദ് ബഷീർ, ഉമ്മാരത്തയ്യിൽ, കൊടുവള്ളി എന്നയാളിന്റെ ഉടസ്ഥതതയിലുള്ള അൽഫർദാൻ ജ്വല്ലറിക്ക്(കെട്ടിട നം-4/505 A-F )ലൈൻസ് ഫീ ആയി ഈടാക്കിയത് 500 രൂപയാണ്. 368/22-23. ശ്രീ.നിധീഷ് എം.കെ മീത്തലെ കൊയമ്പ്രത്ത്, കോടഞ്ചേരി പി.ഒ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള ജെ.ജെ. ഫിഷ് പോയിന്റ് എന്ന സ്ഥാപനത്തിന് ലൈസൻസ് ഫീ ആയി 500 രൂപയാണ് ഈടാക്കിയിരിക്കുന്നത്.

2.ഫീൽഡ് പരിശോധന സംബന്ധിച്ച്

മുൻവർഷങ്ങളെ അപേക്ഷിച്ച് ലൈസൻസ് ഫീ ഇനത്തിലും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് സംഭവിച്ചിട്ടുണ്ടെങ്കിലും സംരംഭക ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അത്തരം സ്ഥാപനങ്ങളിൽ ലൈസൻസ് എടുപ്പിക്കുന്നതിൽ സ്ഥാപനം പൂർണ്ണമായും പുരോഗതി കൈവരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്ന്

ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2023 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1700 (32 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 497 സ്ഥാപനങ്ങളിലണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു.

അപാകതൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

**1-10 തൊഴിൽ നികുതി ഡിമാന്റ് അപൂർണ്ണം.**

**(1) രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ**

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയത്. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുകയാണുണ്ടായത്. മുഴുവൻ കെട്ടിടങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ 2022-23 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽനികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല

**(2)സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല-തൊഴിൽ നികുതി ഡിമാന്റ് അപൂർണ്ണം.**

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1700 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവ ആണ്. 2022-23 വർഷത്തിൽ പുറമേരി ഗ്രാമപഞ്ചായത്തിൽ 32 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1668 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 497 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽനികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 634 ആണ്. അവശേഷിക്കുന്ന 1034 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്കുന്നു.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും റിട്ടേൺ വാങ്ങി തൊഴിൽനികുതി ഈടാക്കുന്നതായി കാണുന്നില്ല. ഉദാ-2022-23 വർഷത്തിൽ 65/22-23 നമ്പറായി ലൈസൻസ് അനുവദിച്ച എസ്.ആർ.ജി ഇന്റർലോക്ക് എന്ന സ്ഥാപനത്തിൽ 6 ജീവനക്കാരുള്ളതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും റിട്ടേൺ വാങ്ങി തൊഴിൽനികുതി ഈടാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത്‌രാജ് തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 16 അനുസരിച്ച് ഫോറം 1 ൽ ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ട് മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

**(3)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ,എൽ.ബി.എസുമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ വിവിധ കരാറുകാർ, ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസുമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-11 കരാറുകാരുമായി വയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടത്**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളുടേയും കരാർ വെച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും കാണുന്നു. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്ന മറ്റ് മേഖലകൾ. വിശദാംശം താഴെ കൊടുക്കുന്നു.

**എ) സ്പെസിഫിക്കേഷൻ**

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കി വരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്നു കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

**ബി) പിഴ സംബന്ധിച്ച അപാകത**

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്ന പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2% പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് മിക്ക പ്രവൃത്തികളുടെ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

**സി) പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം**

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തി വിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തിവിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്റ്റ് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭാവ്യമാണെന്ന് കാണാം. ഉദാഹരണമായി ഓഡിറ്റ് വർഷം രൂപീകരിച്ച 4 പ്രൊജക്ടുകൾക്ക് കരാർ വച്ചിരിക്കുന്നത് 2023 മാർച്ച് മാസത്തിലാണ്. എന്നാൽ ഈ പ്രവൃത്തികളെല്ലാം 31.3.22 ന് പൂർത്തീകരിക്കുമെന്നാണ് കരാറുകാർ ഉറപ്പ് നല്കിയിരിക്കുന്നത്. കരാർ നിഷ്കർഷിക്കുന്ന എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ ഇത്തരത്തിലുള്ള വസ്തുതകളുടെ സാംഗത്യം പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന്

കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപാകത പരിഹരിച്ച് കരാറുകളിലെ വ്യവസ്ഥകൾ കാലികമാക്കി മാത്രം തുടർന്നുള്ള പ്രൊജക്റ്റുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-12 മുറ്റത്തൊരു മീൻതോട്ടം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി വർഷം മുറ്റത്തൊരു മീൻതോട്ടം പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| പ്രോജക്ട് നം. | 132/23 |
| അടങ്കൽ | 200000/- |
| ഫണ്ട് | വികസന ഫണ്ട്(g) |
| ചെലവ് | 192000/- |
| ബിൽനം. തി. | 376/23/19.2.23 |

ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് മൽസ്യം വളർത്തലിന് സബ്സിഡി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. സ.ഉ (കൈ) നം.115/22/തസ്വഭവ തി.28.05.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.6-4-11 ൽ പദ്ധതിയുടെ വിശദാംശങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കുളം കുഴിക്കുന്നതിന് 4000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. മീൻ വളർത്തുന്നതിനുള്ള കുളം നിർമ്മിക്കൽ തൊഴിലുറപ്പ് പദ്ധതികളിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതികളിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതാത് യൂണിറ്റ് ചെലവിൽ കുറവു ചെയ്യണം ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ തുക അനുവദിച്ചിരിക്കുന്ന സബ്സിഡി നിരക്കിൽ നൽകണം. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നജീബ് കാടപ്പുതുക്കടി എന്ന ഗുണഭോക്താവിന് മീൻ വളർത്തുന്നതിനുള്ള കുളം നിർമ്മിച്ച് നൽകിയത് തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. ഇതിനായി 9641/-രൂപ തൊഴിലാളികളുടെ കൂലി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സബ്സ്ഡി തുകയിൽ ആനുപാതികമായി കുറവു വരുത്താതെ 8000/- രൂപ മുഴുവനായും ഗുണഭോക്താവിന് കൈമാറിയിട്ടുണ്ട്. കുളം നിർമ്മിച്ച ഇനത്തിൽ 4000/- രൂപ സബ്സിഡിയിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

ഗുണഭോക്താക്കളുമായി നിർവ്വഹണ ഉദ്യോഗസ്ഥ ചമച്ച കരാറിൽ വ്യവസ്ഥ 2 പ്രകാരം കേരള ഉൾനാടൻ ഫിഷറീസ് അക്വാ കൾച്ചർ ആക്ട് 2010 റൂൾ 2013 മത്സ്യവിത്ത് ആക്ട് 2015എന്നിവ പ്രകാരം പദ്ധതിക്കായുള്ള നിയമാനുസൃത രജിസ്ട്രേഷൻ/ലൈസൻസ് എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിൽ മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/23/12.12.23) മറുപടി സമർപ്പിച്ചിട്ടില്ല. സബ്സിഡി ഇനത്തിൽ അധികം നൽകിയ 4000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-13 കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രത്യേക കന്നുകുട്ടി പരിപാലനത്തിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 148/23 |
| അടങ്കൽ | 1200000/- |
| ഫണ്ട് | വികസന ഫണ്ട്(g) |
| ചെലവ് | 50000/- |
| ബിൽനം. തി. | 629/23/20.3.23 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പിനായി ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. പദ്ധതിയിൽ നാമമാത്ര തുക മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. സ.ഉ (കൈ) നം.115/22/തസ്വഭവ തി.28.05.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-3-7 ൽ മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്കാണ് ഈ ആനുകൂല്യം നൽകേണ്ടത്. എന്നാൽ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/23/12.12.23) മറുപടി നൽകിയിട്ടില്ല. ചെലവ് തുക 5000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-14 അങ്കണവാടികളിലേക്ക് പാത്രങ്ങൾ വാങ്ങിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 31 അങ്കണവാടികളിലേക്ക് പാചകത്തിന് കുക്കർ, പാത്രങ്ങൾ എന്നിവ വാങ്ങി നൽകുന്നതിന് താഴെ സൂചിപ്പിച്ച പ്രകാരം പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രോജക്ട് നം. | 176/23 |
| അടങ്കൽ | 180500/- |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ് |
| ചെലവ് | 130882/- |
| ചെക്ക് നം,തിയ്യതി. | 352/23/28.3.23 |

ടെണ്ടർ മുഖേന ഫിഡ്കോ എന്റർപ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ബട്ടർഫ്ലൈ കമ്പനിയുടെ 10 ലിറ്റർ ശേഷിയുള്ള പ്രഷർ കുക്കർ മേൽ പദ്ധതി പ്രകാരം വാങ്ങി. ഇതിന്റെ വിലയായി നൽകിയത് 4222/- രൂപയാണ്. ടെണ്ടറിൽ പങ്കെടുത്ത് മറ്റൊരു സ്ഥാപനമായ ന്യൂ മലബാർ ഫർണ്ണീച്ചർ മലപ്പുറം പീജിയൻ കമ്പനിയുടെ പത്ത് ലിറ്റർ കുക്കറിന്റെ വിലയായി രേഖപ്പെടുത്തിയിരിക്കുന്നത് 3667/- രൂപയാണ്. എന്നാൽ കുറഞ്ഞ വില ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി വില കൂടുതൽ രേഖപ്പെടുത്തിയ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി. 02.02.2023 ന് ചേർന്ന പർച്ചേസിംഗ് കമ്മിറ്റി യോഗത്തിൽ ഫിഡ്കോയുടെ ബട്ടർഫ്ലൈ കമ്പനിയുടെ കുക്കർ വാങ്ങുന്നതിന് തീരുമാനിച്ചു. കുക്കറിന്റെ ഗുണമേന്മ ബോധ്യമായതിനാലാണ് ഇത് വാങ്ങിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ടെണ്ടറിൽ കുക്കറിന്റെ സ്പെസിഫിക്കേഷൻ സൂചിപ്പിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളൊന്നും സ്പെസിഫിക്കേഷൻ ടെണ്ടർ ഫോമിൽ രേഖപ്പെടുത്തിയിട്ടില്ല. മിക്ക ടെണ്ടറുകളിലും കുക്കറിന്റെ വില ടെണ്ടർ ഫോമിന്റെ പിറകിൽ പ്രത്യേകമായി അറ്റാച്ച് ചെയ്തതായാണ് കാണുന്നത്. ഇത് ശരിയായ നടപടിയല്ല. സാധനത്തിന്റെ വിലയും, സ്പെസിഫിക്കേഷനും ടെണ്ടർ ഫോമിൽ രേഖപ്പെടുത്തേണ്ടതാണ്. സ്പെസിഫിക്കേഷൻ പരിശോധിച്ച് ഉറപ്പുവരുത്താതെ ഒരു പ്രത്യേക ബ്രാന്റ് സാധനം വാങ്ങാൻ

പർച്ചേസിംഗ് കമ്മിറ്റി തീരുമാനിച്ചതിന്റെ കാരണം വ്യക്തമല്ല. ഈ പദ്ധതിയിലെ വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/23/12.12.23) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിലേക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന കാര്യത്തിൽ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 അതിദരിദ്രർക്കുള്ള പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

അതി ദരിദ്രർക്ക് വീട് വാസയോഗ്യമാക്കുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വി.ഇ.ഒ |
| പ്രോജക്ട് നം. | 174/23 |
| അടങ്കൽ | 350000/- |
| ഫണ്ട് | വികസന ഫണ്ട്(g) |
| ചെലവ് | 290500/- |
| ബിൽനം. തി. | 09/23/29.12.22 |

അതി ദരിദ്ര നിർമ്മാർജ്ജന പദ്ധതിയിലെ 5 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. സ.ഉ.(കൈ) നം.115/2022/ തി. 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ വീട് വാസയോഗ്യമാക്കുന്നതിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിക്കാവുന്നതാണ്. എന്നാൽ ഇവിടെ ഗുണഭോക്താക്കൾക്ക് പരമാവധി തുക നൽകുന്നതിന് ശ്രദ്ധിച്ചിട്ടില്ല. ഇതിനായി പദ്ധതി രൂപീകരണ ഘട്ടത്തിൽ തന്നെ ആവശ്യമായ തുക വകയിരുത്തിയിട്ടില്ല. പണി പൂർത്തിയാക്കിയ ചിലർക്ക് പകുതി തുക മാത്രമേ നൽകിയിട്ടുള്ളൂ. ഉദാഹരണമായി ശ്രീമതി മാളു അമ്മ, കോടോളിത്താഴെ കുനിയിൽ, പുറമേരി എന്ന ഗുണഭോക്താവിന് 51000/-രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ശ്രീമതി നാരായണി, തയ്യുള്ളതിൽ, പുറമേരി എന്ന ഗുണഭോക്താവിന് 62000/- രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതി ദരിദ്രരുടെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ അവർക്ക് പരമാവധി ധനസഹായം നൽകാതിരിക്കുന്നത് ശരിയായ നടപടിയല്ല. ഈ കാര്യത്തിൽ കുടുംബശ്രീ സി.ഡി.എസ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ഇടപെടൽ കാര്യക്ഷമമല്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/23/12.12.23) മറുപടി നൽകിയിട്ടില്ല. അതി ദരിദ്രരുടെ പദ്ധതികളുടെ കാര്യത്തിൽ പരമാവധി സബ്സിഡി തുക വകയിരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 കമ്പ്യൂട്ടർ വാങ്ങിയതിലെ അപാകതകൾ

നിർവ്വഹണം - സെക്രട്ടറി

ചെലവ് - 321965 (175/28.01.2023)

47195 ( 349/28.03.2023)

321965/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് തൻവർഷം ജെം മുഖേന 5 ഡെസ്ക്ടോപ് കമ്പ്യൂട്ടറുകളും 47195/- രൂപ ചെലവഴിച്ച് 1 ലാപ്ടോപ്പും വാങ്ങിയിട്ടുണ്ട്. 'ഏസർ' കമ്പനിയുടെ വിൻഡോസ് 11 ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടറുകളും ലാപ്ടോപ്പും ഐ.ടി മിഷൻ മുഖേനയാണ് വാങ്ങിയത്. സെക്രട്ടറി, പ്രൊജക്ട് അസിസ്റ്റന്റ്, വിവിധ സെക്ഷനുകൾ തുടങ്ങിയവർക്കാണ് ലാപ്ടോപ്പ് വിതരണം

ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത്.

പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ (ആർ.ടി) നം.99/2021/ഐ.ടി.ഡി തിയ്യതി 23.7.21 പ്രകാരം വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡെസ്ക്ടോപ്പുകൾക്ക് പകരം ലാപ്ടോപ്പുകൾ വാങ്ങേണ്ടതാണ്. എന്നാൽ സെക്ഷനുകൾക്ക് ഡെസ്ക്ടോപ്പുകൾ ആണ് വാങ്ങി നൽകിയത്.

2) കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപയോഗക്ഷമമല്ലാത്ത കമ്പ്യൂട്ടറുകളുടെയും വിവിധ സെക്ഷനുകളിൽ ആവശ്യമായ കമ്പ്യൂട്ടറുകളുടെയും വിവരങ്ങൾ തയ്യാറാക്കിയതായി കാണുന്നില്ല.

3) മേൽപ്പറഞ്ഞ കമ്പ്യൂട്ടറുകൾ കൈമാറിയ സെക്ഷനുകൾ അതുവരെ ഉപയോഗിച്ച സിസ്റ്റം എന്തു ചെയ്തുവെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഉപയോഗക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ ഡിസ്പോസ് ചെയ്തതിന്റെ ഫയൽ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ കമ്പ്യൂട്ടറുകളുടെ വിവരങ്ങൾ ഉൾപ്പെടുന്നില്ല.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

**1-17 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല**

കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21 (1) (2), ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1) , ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23 എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് തടസ്സങ്ങൾ/പരാമർശങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് മേൽ കാലയളവിൽ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന് നാളിതുവരെ സ്ഥാപനം മറുപടി സമർപ്പിച്ചതായി കാണുന്നില്ല. 2020-21 ലെ ഓഡിറ്റ് റിപ്പോർട്ട് 02.06.2022 നം 2021-22 ലെ റിപ്പോർട്ട് 17.01.2023 നം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി സ്വീകരിക്കാത്തതും പരിഹാര നടപടികൾ കൈക്കൊള്ളാത്തതും സംബന്ധിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിരുന്നെങ്കിലും ആയത് ഗൗരവമായി കാണുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്യാത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ച് അക്കാര്യം റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളേണ്ടതാണ്. റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയെന്ന നിയമപരമായ ബാധ്യത സ്ഥാപനം നിർവ്വഹിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകളുടെ കാര്യത്തിൽ നിയമപരമായ ഉത്തരവാദിത്തം നിറവേറ്റാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

**1-18 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് സൗകര്യങ്ങൾ പര്യാപ്തമല്ല**

ഗ്രാമപഞ്ചായത്തിൽ 2023 മുതൽ വിലാതപുരം എന്ന സ്ഥലത്ത് ബി.ആർ.സി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ അഞ്ച് സെന്റ് സ്ഥലത്ത് സ്വന്തം കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ച് വരുന്നത്. പുതിയ കെട്ടിടമാണെങ്കിലും ഈ കെട്ടിടത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. തൊഴിൽ പരിശീലനം, സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി എന്നിവ നൽകുന്നതിന് ആവശ്യമായ സൗകര്യം കെട്ടിടത്തിൽ ഏർപ്പെടുത്തിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 11.12.2023 ന് ഓഡിറ്റ് ടീം സ്ഥാപനം സന്ദർശിക്കുകയുണ്ടായി. സ്ഥാപനത്തിനായി വാങ്ങിയ ട്രെഡ് മിൽ, സ്റ്റാറ്റിക് സൈക്കിൾ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ക്ലസ് റൂമിൽ തന്നെയാണ്സൂക്ഷിച്ചിരിക്കുന്നത്. ഇവ സൂക്ഷിക്കുന്നതിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിലേക്കുള്ള റോഡ് നിലവിൽ മൺറോഡാണ്. ഇത് ടാർചെയ്ത് ഗതാഗത യോഗ്യമാക്കിയിട്ടില്ല.

സ്ഥാപനത്തിൽ 21 പേർ രജിസ്റ്റർ ചെയ്തെങ്കിലും സ്ഥിരമായി 17 കുട്ടികളാണ് വരുന്നത്.

ഗ്രാമപഞ്ചായത്തിൽ മാനസിക വൈകല്യമുള്ള 44 കുട്ടികളുള്ളതായി ഐ.സി.ഡി. എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവരിൽ ഭൂരിഭാഗം പേർക്കും സ്ഥാപനത്തിന്റെ സേവനം ലഭിക്കാത്ത അവസ്ഥയാണുള്ളത്. സ്ഥാപനം സാമൂഹ്യനീതി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടില്ല. നിലവിൽ ഒരു ടീച്ചറും ഹെൽപ്പറുമാണ് ഇവിടെ ഉള്ളത്. സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി എന്നിവയ്ക്ക് ടീച്ചർമാരെ നിയമിച്ചിട്ടില്ല. കുട്ടികൾക്ക് യാത്ര ചെയ്യുന്നതിന് വാഹനം വാടകയ്ക്ക് ഏർപ്പാടാക്കിയിട്ടുണ്ട്. സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർ പേഴ്സണായി ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതായിരുന്നു എന്നാൽ ഈ കമ്മിറ്റി നാളിതുവരെ രൂപീകരിച്ചിട്ടില്ല.

27.9.2018 ലെ കുടുബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്ററുടെ 1020/a3/2009/ks/kkd നമ്പർ ഉത്തരവ് പ്രകാരം 1250000/-രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക കൊണ്ട് പഠന സാമഗ്രികൾ, ഫർണ്ണിച്ചർ, ടെലിവിഷൻ, പ്രൊജക്ടർ, കമ്പ്യൂട്ടർ, തെറാപ്യൂട്ടിക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങാമെന്ന് ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് സ്ഥാപനത്തിലേക്ക് ടി.വി., ട്രെഡ് മിൽ, സ്റ്റാറ്റിക് സൈക്കിൾ, കമ്പ്യൂട്ടർ, പ്രിന്റർ എന്നീ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ തുക മുഴുവനായി വിനിയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/23/12.12.23) മറുപടി നൽകിയിട്ടില്ല. ബഡ്സ് റിഹബിലിറ്റേഷൻ സെന്ററിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി അറയിക്കേണ്ടതാണ്.

## 1-19 പ്രൊജക്റ്റ് ഫയലുകൾ പൂർണ്ണമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തി തുക വിനിയോഗിച്ച സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ പ്രൊജക്റ്റ് ഫയലുകൾ അപൂർണ്ണമാണെന്ന് കാണുന്നു. ഓഡിറ്റ് വർഷത്തെ പുതിയ പ്രൊജക്ടുകൾ പ്രൈസ് 3 ൽ കൈകാര്യം ചെയ്യുന്നതിനാൽ എല്ലാ രേഖകളും സോഫ്റ്റ്‌വെയറിലാണ് ലഭ്യമാകുന്നത്. എന്നാൽ സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന രേഖകകളിൽ പലതും പല ഫയലുകളിലും ലഭ്യമല്ലെന്ന് കണ്ടു.

എ) എസ്റ്റിമേറ്റ് റിപ്പോർട്ട്

ബി) സൈറ്റ് മേപ്പ് /പ്ലാൻ

സി) ട്രഷറി ബിൽ കോപ്പി

ഡി) മോണിറ്ററിംഗ് സമിതി റിപ്പോർട്ട്

ഇ)സ്പിൽ ഓവർ പ്രൊജക്റ്റിന്റെ കോപ്പി

എഫ് ) പ്രൊജക്റ്റ് പൂർത്തീകരണ പത്രിക

മേല്പറഞ്ഞതിൽ ക്രമ നമ്പർ (എ), (സി) എന്നിവ ചില ഫയലുകൾ പരിശോധിക്കുന്ന സമയത്ത് ആവശ്യപ്പെട്ടപ്പോൾ ലഭ്യമാക്കുകയായിരുന്നു. രേഖകൾ ലഭ്യമല്ലെന്നതിനൊപ്പം തന്നെ ഫയലുകളുടെ സൂക്ഷിപ്പും ശരിയായ വിധത്തിലല്ലെന്ന് കണ്ടു. ഫയലുകളിൽ മാന്വൽ ഓഫ് ഓഫീസ് പ്രൊസീജ്വർ(MOP) നിഷ്കർഷിക്കും വിധം നോട്ട് ഫയൽ തയ്യാറാക്കിയിട്ടില്ല. കറസ്പോണ്ടൻസ് യാതൊരു അടുക്കും ചിട്ടയുമില്ലാതെ സൂക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത്. യഥാർത്ഥത്തിൽ ഓരോ രേഖയും ലഭ്യമാകുന്ന/ സൃഷ്ടിക്കപ്പെടുന്ന ക്രമമനുസരിച്ച് കറസ്പോണ്ടൻസ് ഫയലിൽ ക്രമനമ്പറിട്ട് ശേഖരിച്ച് സൂക്ഷിക്കുകയും ഇത് സംബന്ധിച്ച കുറിപ്പ് നോട്ട് ഫയലിൽ രേഖപ്പെടുത്തുകയുമാണ് ചെയ്യേണ്ടിയിരുന്നത്. നോട്ട് ഫയലിൽ നിന്നും തന്നെ പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ വിശദാംശം പരിശോധകന് വ്യക്തമാകേണ്ടതാണ്. നോട്ട് ഫയലിനും കറസ്പോണ്ടൻസ് ഫയലിനും പ്രത്യേകം ക്രമ നമ്പറിടണമെന്നിരിക്കെ ഫയലിലെ പേജുകൾക്ക് ക്രമ നമ്പർ തന്നെ നല്കിയിട്ടില്ല.

മേൽ അപാകതകൾ കാരണം ഫയലുകൾ പരിശോധിക്കുന്നതിൽ ഓഡിറ്റിന് തടസ്സം നേരിട്ടുണ്ട്. പരിമിതമായ സമയത്തിനുള്ളിൽ പരിശോധന പൂർത്തീകരിക്കണമെന്നിരിക്കെ എല്ലാ രേഖകളും

ലഭ്യമാകാത്തതും , രേഖകൾ ക്രമത്തിൽ ലഭ്യമാകാത്തതും വിലപ്പെട്ട സമയം നഷ്ടപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഏതൊരു പൗരനും പരിശോധിക്കാൻ കഴിയുന്ന തരത്തിൽ ഫയലുകൾ സ്വയം സംസാരിക്കേണ്ടതായിരിക്കെ ഇതിനു വിരുദ്ധമായി ഫയൽ കൈകാര്യം ചെയ്തതിന് വിശദീകരണം നല്കേണ്ടതാണ്. ക്രമനമ്പറില്ലാത്തത് നടപടികളുടെ സുതാര്യതയെ പ്രതികൂലമായി ബാധിക്കുന്നതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഫയലുകളുടെ പൂർണ്ണത ഭാവിയിൽ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-20 അളവുപുസ്തകങ്ങളുടെ സൂക്ഷിപ്പ്- അപാകതകൾ

NREGS, പൊതുമരാമത്ത് വിഭാഗങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ വാങ്ങിയ അളവ് പുസ്തകങ്ങളുടെ സൂക്ഷിപ്പിൽ അപാകതകൾ കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ എത്ര പുസ്തകങ്ങൾ വാങ്ങിയെന്നോ എപ്പോൾ വാങ്ങിയെന്നോ നിലവിൽ എത്രയെണ്ണം നീക്കിയിരിപ്പുണ്ടോയെന്നോ രേഖപ്പെടുത്താതെ ഓരോ പുസ്തകവും നമ്പരിട്ട് വിവിധ വിഭാഗങ്ങൾക്ക് നല്കിയ വിവരം മാത്രം രേഖപ്പെടുത്തി വരുന്നതായി ശ്രദ്ധയിൽ പെട്ടു. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതിന്റെ ഉദ്ദേശ്യം തന്നെ ഇതുമൂലം നഷ്ടപ്പെട്ടു. ഓഡിറ്റ് വർഷം 206 പുസ്തകങ്ങൾ വിതരണം ചെയ്തതായി സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ 44 എണ്ണം സ്റ്റോക്കിൽ ബാക്കിയുണ്ടെന്നും സെക്ഷൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് എത്രയെന്നോ ഓഡിറ്റ് വർഷം എത്രയെണ്ണം വാങ്ങിയെന്നോ വ്യക്തമല്ലാത്തതിനാൽ ഈ നീക്കിയിരിപ്പ് കൃത്യമാണെന്ന് ഉറപ്പാക്കപ്പെടുന്നില്ല. കൂടാതെ ഈ പുസ്തകങ്ങളിൽ ഭൂരിഭാഗവും കൈപ്പറ്റിയ. NREGS വിഭാഗത്തിലും രജിസ്റ്ററിന്റെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല. ഈ രജിസ്റ്ററിലും മുന്നിരിപ്പ്, ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച പുസ്തകങ്ങളുടെ എണ്ണം, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ നമ്പറും അതിന് അനുവദിക്കുന്ന പുസ്തകത്തിന്റെ നമ്പറും മാത്രമാണ് രേഖപ്പെടുത്തി വരുന്നത്. ഓഡിറ്റ് വർഷം ആകെ 191 പുസ്തകങ്ങൾ ഈ വിഭാഗത്തിൽ ലഭിച്ചതിൽ 128 എണ്ണം വിവിധ പ്രവൃത്തികൾക്ക് അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 17 പുസ്തകങ്ങൾ നീക്കിയിരിപ്പുണ്ടെന്നും ഈ വിഭാഗത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 46 എണ്ണം നിലവിൽ നടന്നു വരുന്ന പ്രവൃത്തികൾക്ക് അനുവദിച്ചവയാണെന്നും പ്രവൃത്തികൾ പൂർത്തിയായതിനുശേഷം ഒരുമിച്ചാണ് പുസ്തകങ്ങളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിവരുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ പ്രവൃത്തിക്കും പുസ്തകം അനുവദിക്കുമ്പോൾ തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ അതിന്റെ ഇഷ്യൂ രേഖപ്പെടുത്തണമെന്നിരിക്കെ പ്രവൃത്തികൾ പൂർത്തിയായി കാലങ്ങൾ കഴിഞ്ഞ് ഇവ രേഖപ്പെടുത്തുന്നതിന്റെ ആവശ്യകത ഓഡിറ്റിൽ വ്യക്തമാക്കേണ്ടതാണ്.

പൊതുമരാമത്ത് വിഭാഗത്തിൽ ആകെ 15 പുസ്തകങ്ങൾ ഓഡിറ്റ് വർഷം അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ തന്നെ ഈ വിഭാഗത്തിൽ സൂക്ഷിക്കുന്നില്ലെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്.

വളരെ പ്രാധാന്യമുള്ള അളവുപുസ്തകങ്ങൾ ലാഘവത്തോടെ കൈകാര്യം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും അളവുപുസ്തകങ്ങൾ കൃത്യതയോടെ പരിപാലിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുമാണ്.

## 1-21 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ എല്ലാ പുതിയ റോഡ് പ്രവൃത്തികളും നിർവ്വഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കാണുന്നു.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവു തുക |
|---|---|---|

| | | |
|---|---|---|
| 1 | 204/23- മണ്ടോടി മുക്ക് മാവുള്ള ഗോമാവുള്ള പറമ്പത്ത് റോഡ് | 415402 |
| 2 | 2/23- ഭജനമഠം പിറകിൻ കാട് റോഡ് | 350000 |
| 3 | 88/23- പാറച്ചാലിൽ മുക്ക് കരവാണ്ടി റോഡ് | 249904 |

ഈ റോഡ് ടാറിംഗ് പ്രവൃത്തികൾകൾക്ക് ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ്(മാന്വൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Nomber 509) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20mm സെമി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും(material Spreading Or Laying) നിർവ്വഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydraulic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ, അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗിച്ച് സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ സ്ഥാപനത്തിലെ മേല്പറഞ്ഞ റോഡുകൾ പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമമിതിയിൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനെയും (Durability), നിമ്നോന്നതയുടെ (Undulations) ടോളറൻസ് (Tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechnical) രീതി ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടപ്പെടുന്നത് പഞ്ചായത്തുകളിലെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3 ൽ മെക്കാനിക്കൽ പേവർ, IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള (Essential Features)വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E (H)ൽ പേവർ മെഷീൻ 2.5 മീറ്റർ മുതൽ 4 മീറ്റർ വരേയോ 4 മീറ്റർ മുതൽ 7 മീറ്റർ വരേയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാന്വൽ രീതി അവലംബിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

**റോഡുകളുടെ നിർമ്മിതി - കുറഞ്ഞ ചെലവും ഗുണമേന്മയും മുൻ നിർത്തി MSS (മെക്കാനിക്കൽ) രീതി അവലംബിക്കേണ്ടതാണ്**

ഓഡിറ്റ് വർഷത്തെ സ്പിൽ ഓവർ പ്രൊജക്റ്റുകൾ പ്രകാരമുള്ള റോഡ് പേവിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നത് 20mmപ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റ് ഇനം ഉപയോഗിച്ചാണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മിക്സഡ് സീൽ സർഫസിംഗും (MSS) മറ്റൊന്ന് 20mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റുമാണ്. രണ്ടാമത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ ആദ്യത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ

ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പെടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇത് പരിഗണിക്കുമ്പോൾ 2016ലെ നിരക്ക് കണക്കാക്കിയാൽ 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് ഏകദേശം 32% രൂപയുടെ അധിക ചെലവ് വരുന്നുണ്ടെന്ന് കാണുന്നു.

മിക്സഡ് സീൽ സർഫസ് (MSS)എന്ന ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations) , മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്,ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mm ഉം കുറഞ്ഞത് -6 Mmമാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത(undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി + 10mm ഉം -10mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ +10mmഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളുടെ നിർമ്മിതിയിൽ അവലംബിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ സ്പിൽ ഓവർ പ്രൊജക്റ്റുകൾക്ക് 20mm പ്രീ-മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റ് ഇനം ഉപയോഗിക്കാത്തത് ശരിയല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഇക്കാര്യങ്ങളിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-22 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി ചട്ടങ്ങൾ ഉൾപ്പെടെ സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997 ലെ കേരള പഞ്ചായത്ത്രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. കൂടാതെ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ആസൂത്രണ മാർഗ്ഗരേഖകൾ, പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുമുണ്ട്. ഏറ്റവും ഒടുവിലായി ജി.ഒ(എം.എസ്)84/2022/ത.സ്വ.വഭ.വ തി.19-04-2022 പ്രകാരം ഈ നിർദ്ദേശങ്ങൾ പുതുക്കി നൽകിയിട്ടുണ്ട്.(ഉത്തരവിലെ ഖണ്ഡിക 14 ലേക്ക്

പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.) മേൽ ഉത്തരവിലെ ഖണ്ഡിക 14.1, പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ, ഗ്രൂപ്പിന്റെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ , നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ, മൂന്നംഗങ്ങളിൽ കുറയാത്ത വർക്കിംഗ് ഗ്രൂപ്പ് ഉപസമിതിയോ, തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനമനുസരിച്ച് മോണിറ്ററിംഗ് നിർവ്വഹിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഒരു തീരുമാനം ഒരു വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യത്തിലും സ്ഥാപനം നാളിതുവരെ കൈക്കൊണ്ടിട്ടില്ല. പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതും ഇതിനായി പ്രൊജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രൊജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതും ഈ സമിതിയുടെ പ്രധാന ഉത്തരവാദിത്തമാണ് ( ഖണ്ഡിക 14.4) ഖണ്ഡിക 14.7 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് തുടങ്ങിയവയും പ്രദർശിപ്പിക്കണം.എന്നാൽ ഇത്തരത്തിൽ നിർവ്വഹണ ഘട്ടത്തിലോ നിർവ്വഹണ ശേഷമോ ബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നത് പ്രവൃത്തികളുടെ കാര്യത്തിൽ പ്രാദേശിക മോണിറ്ററിംഗും നടന്നിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഓഡിറ്റ് വർഷം നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാരം ഇതുകൊണ്ടുതന്നെ ഉറപ്പുവരുത്തപ്പെട്ടിട്ടില്ലെന്നു കാണാം.

ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ ചട്ടങ്ങളിലും മാർഗ്ഗരേഖകളിലും പ്രതിപാദിക്കുന്ന തരത്തിൽ മോണിറ്ററിംഗ് നടത്താതെ പ്രൊജക്ടുകൾക്ക് തുക വിനിയോഗിച്ചതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-23 MGNREGS-പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നത് നിർദ്ദേശാനുസരണമല്ല

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 58 പ്രവൃത്തികൾക്ക് തുക വിനിയോഗിച്ചിട്ടുണ്ട്. ഇവയിൽ മിക്കതും 2020-21 വർഷത്തിൽ ടെണ്ടർ ചെയ്തവയായിരുന്നു. മേൽ വർഷം ടെണ്ടർ ചെയ്ത ആകെ 65 പ്രവൃത്തികളെല്ലാം തന്നെ എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാർ ഏറ്റെടുത്തത്. പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ 18 പ്രവൃത്തികൾക്ക് രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട് . അവശേഷിക്കുന്നവ റീ ടെണ്ടർ ചെയ്തതിൽ ഒരു ടെണ്ടർ മാത്രം ലഭിക്കുകയും അവ എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാർക്ക് കൈമാറുകയും ചെയ്തു. മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ 5 കരാറുകാർ എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വെച്ചെടുത്തതായി കാണുന്നു

| ക്രമ നം | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | സെക്രട്ടറി നാദാപുരം പ്രവാസി ലേബർ സൊസൈറ്റി | 12 |
| 2 | ശക്തി ലേബർ സൊസൈറ്റി കടമേരി | 20 |

| | | |
|---|---|---|
| 3 | എളയിടം ലേബർ കോൺട്രാക്ട് സൊസൈറ്റി | 20 |
| 4 | സുജനപാൽ വട്ടക്കണ്ടിയിൽ | 3 |
| 5 | നിതിൻ നെല്ലിയുള്ള പറമ്പത്ത് | 3 |

മേല്പറഞ്ഞതിൽ നിന്നും മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറ് മാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരക്കാവുന്നതുമാണ്. (മേൽ പ്രവൃതത്തികളെല്ലാം ടെണ്ടർ ചെയ്തിരിക്കുന്നത് മാനുലായാണ്. ഇതും ടെണ്ടറിംഗിലെ മത്സരക്ഷമതയെ ബാധിച്ചു) ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ഉത്തമസാമ്പത്തിക താല്പര്യത്തോടെയല്ല.അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-24 MGNREGS-ഫയൽ സൂക്ഷിപ്പിൽ അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കപ്പെട്ട വിവിധ പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പ് സർക്കാർ നിർദ്ദേശാനുസരണമല്ല. ഫയലുകളിൽ അത്യാവശ്യമായി ഉൾപ്പെടുത്തേണ്ട പ്രധാന രേഖകളൊന്നും തന്നെ ഫയലുകളിൽ ലഭ്യമല്ല. സാധനങ്ങൾ വാങ്ങിയതിന്റേയും ഉപയോഗിച്ചതിന്റേയും രേഖകൾ, സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മസ്റ്റർറോൾ മൂവ്മെന്റ് സ്ലിപ്പ്, വർക്ക് ആരംഭിക്കുന്നതിനുമുമ്പും, വർക്ക് നടക്കുമ്പോഴും, അവസാനിച്ചതിനു ശേഷവുമുള്ള ഫോട്ടോകൾ,

ആസ്തിയുടെ ജിയോടെക് ഫോട്ടോ എന്നിവ ഫയലിൽ ഇല്ലാത്ത രേഖകളിൽ പ്രധാനപ്പെട്ടവയാണ്. കൂടാതെ ചില ഫയലുകളിൽ എല്ലാ FTO (Fund Transfer Order) കളുടേയും പകർപ്പും സൂക്ഷിച്ചിട്ടില്ല. ഫയലിലെ രേഖകൾക്ക് ക്രമപ്രകാരം നമ്പർ നല്കാത്തതും അപാകതകളിൽ പെടുന്നു. ഇക്കര്യത്തിൽ വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 1-25 കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണത്തിനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 151/23 |
| അടങ്കൽ | 1120000/- |
| ഫണ്ട് | വികസന ഫണ്ട്(g) |
| ചെലവ് | 161460/-(80730+ 80730 BC) |
| ബിൽനം. തി. | 87/23/31.3.23 |

കറവപ്പശുക്കൾക്ക് കാലിത്തീറ്റ 50ശതമാനം സബ്സിഡി നിരക്കിൽ നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. സ.ഉ (കൈ) നം.115/22/തസ്വഭവ തി.28.05.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.6-3-16 ൽ കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി നൂറ് കിലോ കാലിത്തീറ്റ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി കേരള ഫീഡ്സിൽ നിന്ന് 108ചാക്ക് കാലിത്തീറ്റ വാങ്ങുന്നതിന് തുക അടയ്ക്കുകയും, കുനിങ്ങാട് ക്ഷീരസംഘം മുഖേന വിതരണം പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ സംഘത്തിൽ സൂക്ഷിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചാക്കിന് 1495/-രൂപ നിരക്കിലാണ് കാലിത്തീറ്റ കർഷകർക്ക് നൽകിയത്. ഈ പദ്ധതിയിൽ ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃ വിഹിതം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടില്ല.

പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് , പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23/12.12.23) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് തൃപ്തികരമായ മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-26 കുടുംബാരോഗ്യ കേന്ദ്രം ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച

2010 ലെ കേരള പഞ്ചായത്ത്രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പുറമേരി എഫ്.എച്ച്.സി - ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ രൂപീകരിച്ചത് മുതൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രോഗികളിൽ നിന്ന് വാങ്ങുന്ന ഒ.പി ടിക്കറ്റ് ചാർജ്, വിവിധ ലാബ് ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുകകൾ, മറ്റ് വരുമാനങ്ങൾ എന്നിങ്ങനെ നിലവിൽ എച്ച്.എം.സി യുടെ വരുമാനം വർധിച്ചിട്ടുണ്ട്. ഇവ കൃത്യമായി പരിശോധിക്കപ്പെടാതെയിരിക്കുന്നത് ശരിയായ നടപടിയല്ല. വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 പെയിൻ &പാലിയേറ്റീവ് - മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച്

നിർവ്വഹണം-മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി)

പ്രോജക്ട് നം-19/22-23

അടങ്കൽ-639000/-(വികസന ഫണ്ട് -ജനറൽ -639000/-)

ചെലവ്-561711/-

മേൽ പ്രോജക്ട് വഴി 129342/- രൂപ(ബിൽ റഫറൻസ് നം-22170552009001149032/07.02.2023) രോഗികൾക്ക് മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-ലേക്ക് കൈമാറിയിരുന്നു. ഓഡിറ്റ് തിയ്യതി വരെ 85243/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 44099/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിന് അവശേഷിക്കുന്നുണ്ട്. ലഭ്യമാകുന്നതിന് അവശേഷിക്കുന്ന മരുന്നിന്റെ തുക 44099/-രൂപ തടസ്സത്തിൽ വെക്കുന്നു.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മുറ്റത്തൊരു മീൻതോട്ടം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം മുറ്റത്തൊരു മീൻതോട്ടം പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| പ്രോജക്ട് നം. | 132/23 |
| അടങ്കൽ | 200000/- |
| ഫണ്ട് | വികസന ഫണ്ട്(g) |
| ചെലവ് | 192000/- |
| ബിൽനം. തി. | 376/23/19.2.23 |

ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് മൽസ്യം വളർത്തലിന് സബ്സിഡി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്.സ.ഉ (കൈ) നം.115/22/തസ്വഭവ തി.28.05.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.6-4-11ൽ പദ്ധതിയുടെ വിശദാംശങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കുളം കുഴിക്കുന്നതിന് 4000രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. മീൻ വളർത്തുന്നതിനുള്ള കുളം നിർമ്മിക്കൽ തൊഴിലുറപ്പ് പദ്ധതികളിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതികളിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതാത് യൂണിറ്റ് ചെലവിൽ കുറവു ചെയ്യണം ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ തുക അനുവദിച്ചിരിക്കുന്ന സബ്സിഡി നിരക്കിൽ നൽകണം.ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നജീബ് കാടപ്പുറക്കുടി എന്ന ഗുണഭോക്താവിന് മീൻ വളർത്തുന്നതിനുള്ള കുളം നിർമ്മിച്ച് നൽകിയത് തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തിയാണ്. ഇതിനായി 9641/-രൂപ തൊഴിലാളികളുടെ കൂലി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സബ്സ്ഡി തുകയിൽ ആനുപാതികമായി കുറവു വരുത്താതെ 8000/- രൂപ മുഴുവനായും ഗുണഭോക്താവിന് കൈമാറിയിട്ടുണ്ട്. കുളം നിർമ്മിച്ച ഇനത്തിൽ 4000/- രൂപ സബ്സിഡിയിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

ഗുണഭോക്താക്കളുമായി നിർവ്വഹണ ഉദ്യോഗസ്ഥ ചമച്ച കരാറിൽ വ്യവസ്ഥ 2പ്രകാരം കേരള ഉൾനാടൻ ഫിഷറീസ് അക്വാ കൾച്ചർ ആക്ട് 2010ഉം 2013 മത്സ്യവിത്ത് ആക്ട് 2015എന്നിവ പ്രകാരം

പദ്ധതിക്കായുള്ള നിയമാനുസൃത രജിസ്ട്രേഷൻ / ലൈസൻസ് എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിൽ മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/23/12.12.23) മറുപടി സമർപ്പിച്ചിട്ടില്ല. സബ്സിഡി ഇനത്തിൽ അധികം നൽകിയ 4000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 08.12.2023-11.12.2023 | ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-കുന്നുമ്മൽ | 2022-23 | 29000 | 102/22-23.നെൽകൃഷിക്ക് കൂലിച്ചെലവ് | 29000 | 0 |
| | 2022-23 | 152000 | 134/22-23.ലൈഫ് ഭവനപദ്ധതി -എസ്സ്.സി | 152000 | 0 |
| | 2022-23 | 187500 | 174/22-23.അതിദരിദ്രർക്കുള്ള പദ്ധതി | 187500 | |
| | 2022-23 | 54900 | 245/22-23.ഹരിത കർമ്മസേനയ്ക്ക് സമാർട്ട് ഗാർബേജ് | 54900 | |
| | 2022-23 | 437240 | 246/22-23 അജൈവ മാലിന്യം -ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ | 437240 | |
| | 2022-23 | 10000 | 199/22-23 വീട് വാസയോഗ്യമാക്കൽ-ആശ്രയ | 10000 | |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 630000 | 143/22-23.ലൈഫ് ഭവനപദ്ധതി -ജനറൽ | 630000 | |
| | 2022-23 | 375000 | 127/22-23.ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 375000 | |
| | 2022-23 | 500000 | 42/22-23(SO) വിലാതപുരം അങ്കണവാടി-ക്രാഡിൽ | 500000 | |
| | 2022-23 | 600000 | 131/22-23 ക്ഷീരകർഷകർക്കുള്ള പാലിന് സബ്സിഡി | 600000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 350000 | 134/22-23.ലൈഫ് ഭവനപദ്ധതി -എസ്സ്.സി | 350000 | 0 |
| | 2022-23 | 550000 | 143/22-23.ലൈഫ് ഭവനപദ്ധതി -ജനറൽ | 550000 | 0 |
| | 2022-23 | 125000 | 127/22-23 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |
| | 2022-23 | 1181561 | 42/22-23(SO) വിലാതപുരം അങ്കണവാടി-ക്രാഡിൽ | 1181561 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 50005/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിലാതപുരം കാവുംമ്പറമ്പത്ത് റോഡ് ലൈൻ മാറ്റൽ | 22200368/ 31.08.2022 | 39075 | 0 | 39075 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| കെ.എസ്.ഇ.ബി | എഫ്.എച്ച്.സി ഇലക്ട്രിസിറ്റി ത്രീഫേസ് കണക്ഷൻ | 42200495/ 28.10.2022 | 10930 | 0 | 10930 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | Go(Rt) 2614/2019. തീയതി- 20/11/2019 | 0 | 5492000 | 685749 | | 4806251 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1592660 |
| തൻവർഷം നിക്ഷേപിച്ച തുക | 87555 |
| ആകെ | 1680215 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1680215 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 606383 |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 803508 |

| | | |
|---|---|---|
| 3 | കേരള ബാങ്ക്-ഓർക്കാട്ടേരി ശാഖ | 125712 |
| 4 | കേരള ബാങ്ക്-ഓർക്കാട്ടേരി ശാഖ | 144612 |
| ആകെ | | 1680215 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | ലഭ്യമല്ല | 1999 | 46 | വളം വില അധികം നൽകിയത് തിരിച്ചടച്ചില്ല | ഭാവിയിൽ വീഴ്ച ഒഴിവാക്കുന്നതിനും നിജസ്ഥിതി ഓഡിറ്റിനെ ബോധ്യപ്പെടുത്താനും ശുപാർശ ചെയ്തു |
| 1999-00 | ലഭ്യമല്ല | 2003-04 | 11.14. മറ്റ് പരാമർശങ്ങൾ | 1.തെങ്ങിൻ തടം പുതയിടൽ – ജൈവ വള വിതരണം<br>2.പെരുമുണ്ടശ്ശേരി റോഡ് പ്രവൃത്തി | |
| 2000-01 | രേഖപ്പെടുത്തിയില്ല | 2003-04 | 11.14 മറ്റ് പരാമർശങ്ങൾ | പുതിയേടത്ത് മീത്തൽ ജലസേചന പദ്ധതി | |
| 2015-16 | 3-9 | 2016-17 | 6(എ)1.4. | ആശ്രയ വീടിന് സ്ഥലം | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ)1.9. | വീട് ആവശ്യ | നില |

| | | | | | |
|---|---|---|---|---|---|
| | | | | മുള്ളവർ | നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ).2.6. | വീട് റിപ്പയർ | നില നിൽക്കുന്നു |
| 2015-16 | 3-9 | 2016-17 | 6(എ)3.3. | കുടിവെള്ളം | നില നിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | നില നിൽക്കുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | നില നിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 36808523 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 39425701 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 49099 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4000 | ശ്രീമതി.ദിൽന ഫിഷറീസ് ഇൻസ്പെക്ടർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1- 13 | 5000 | ഡോ.നീരജ വെറ്ററിനറി സർജൻ |
| 1-27 | 44099 | ഡോ.പ്രദോഷ് കുമാർ |

| | | |
|---|---|---|
| | | എം.മെഡിക്കൽ ഓാഫീസർ,എഫ്.എച്ച്.സി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ദിൽന<br>ഫിഷറീസ് ഇൻസ്പെക്ടർ | ഫിഷറീസ് ഇൻസ്പെക്ടർ | പാർവ്വണം,<br>നട്ട് സ്ട്രീറ്റ്, വടകര |
| ഡോ.നീരജ<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | ഇരിഞ്ഞിപ്പുറത്ത്<br>കാരമുക്ക്<br>കണ്ടശ്ശാൻ കടവ്<br>പി.ഒ.<br>തൃശ്ശൂർ |
| ഡോ.പ്രദോഷ് കുമാർ എം.<br>മെഡിക്കൽ ഓാഫീസർ,<br>എഫ്.എച്ച്.സി | മെഡിക്കൽ ഓാഫീസർ,<br>എഫ്.എച്ച്.സി | മാക്കൂട്ടത്തിൽ(വീട്)<br>കക്കട്ടിൽ<br>കോഴിക്കോട്<br>673507 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡിപി5/62/ 2022(1)തീയതി-18.03.23 | 1 | 11 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡിപി5/1584/ 2023 തീയതി-15.03.2004 | 8 | 20, 22, 23, 24, 25, 26, 28, 31, 34 |

| | | | |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡിപി8/564/ 2006 തീയതി-10.05.2018 | 2 | 2-1, 2-2 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡിപി5/62/ 2022(4)തീയതി-18.03.23 | 1 | 3-8 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡിപി5/1651/2021 തിയ്യതി-19.03.2023 | 4 | 3-4,3-5,3-6,3-11 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡിപി5/1651/ 2021(2) തീയതി-18.04.2023 | 5 | 3-5, 3-7(എ,ബി), 3-8, 3-9, |
| 2009-10& 2010-11 | കെ.എസ്.എ.കെ.കെ.ഡിപി5/1651/ 2021(4) തീയതി-18.04.2023 | 3 | 3-6, 3-10,3-11 |
| 2011-12& 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1651/ 2021(5)/തി.18.04.2023 | 5 | 3-10,3-12,3-13, 3-14,3-15 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1651/ 2021(5)/തീയതി 19.03.2023 | 8 | 3-8, 3-10, 3-13, 3-17,3-18, 3-24, 3-25, 3-28 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1651/ 2021(6)/തി.11.04.2023 | 5 | 3-5, 3-6, 3-10, 3-12,3-22 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1651/21 തീ.17.04.2023 | 10 | 2-4, 2-5, 3-1. 3-2, 3-3, 3-6, 3-7, 3-8, 3-9, 3-11 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി11/ 698/19 തീ-03.07.19 | 13 | 2-3, 2-5, 2-8, 3-1(1), 3-1(2), 3-2, 3-3, 3-4, 3-5, 3-6(2) (3), 3-8,3-9 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി5/ 1047/20 തീയതി-01.11.20 | 16 | 1-1, 1-2(2), 1-2(3), 1-3, 1-4, 1-6(1)(3)(4)(6) (7), 1-16, 1-17, 1-18, 1-19, 1-20(4) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി5/ 530/22 തീയതി: 01.06.2023 | 37 | 1-1 മുതൽ 1-37 വരെ |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി5/ 983/22 തീയതി: 2/6/2022 | 35 | 1-1 മുതൽ 1-35 വരെ |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി5/ 2292/22 തീയതി: 17.01.2023 | 36 | 1-1 മുതൽ 1-35 വരെ, 4-4 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 04-07-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Purameri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Purameri Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Purameri Grama Panchayat for the Year 2022-2023 .

**1.Major Observations**

nil

**2.Other Observations**

1-The following mandatory financial statements prescribed in accounting
rules are not
submitted for audit. Eg. Ratios
2.Cash flow Statement- Net increase/decrease in cashflow does not match
with the difference between the opening balance and closing balance of cash and
cash equivalents
3.Lapses in making timely and accurate demand entries in respect of tax

and non tax revenue

4.The demand registers are not periodically reconciled with accounts

5.No authenticated worksheet available for the calculation of Depreciation provided for assets

6.E tender fee not accounted

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്